WEDNESDAY 08-09-2021 ബുധനാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananhapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -

## 08/09/2021

1. കൽപറ്റ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ കൃഷിഭവനുകൾ വഴി നടപ്പിലാക്കുന്ന വിവിധ കൃഷി വികസന പദ്ധതികൾക്ക് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾ കൃഷിഭവനുകളിൽ ലഭ്യമാണ്. പ്രൊജക്റ്റുകൾ, അപേക്ഷ എന്നിവ കൃഷിഭവനുകളിൽ ഈ മാസം 10 നു (സെപ്തംബർ 10 നു) മുമ്പായി സമർപ്പിക്കണമെന്ന് കൽപറ്റ കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

2. സംസ്ഥാന സർക്കാരിന്റെ പൂർണ്ണ നിയന്ത്രണത്തിൽ ആദ്യമായി തിരുവനന്തപുരം ജില്ലയിൽ വലിയതുറ ആസ്ഥാനമാക്കിയുള്ള സ്റ്റേറ്റ് ഫോഡർ ഫാമിൽ ആരംഭിക്കുന്ന കിടാരി പാർക്കിന്റെ ശിലാസ്ഥാപന കർമ്മം ഇന്ന് വൈകുന്നേരം 4 മണിക്ക് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജുവിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ വച്ച് ക്ഷീരവികസന മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും.

3. മൃഗശാല ഓഫീസ് - സ്റ്റോർ സമുച്ചയം, ശലഭോദ്യാനം, വിദേശപക്ഷികളുടെ പരിബന്ധനം, മൊബൈൽ ആപ്പ് എന്നിവയുടെ ഉദ്ഘാടനം ഇന്ന് രാവിലെ 11.30 മണിക്ക് തിരുവനന്തപുരം മ്യൂസിയം ഓഡിറ്റോറിയത്തിൽ വച്ച് മൃഗസംരക്ഷണം, ക്ഷീരവികസനം, മൃഗശാലാ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും.

4. ക്ഷീരവികസന വകുപ്പിന്റെ തിരുവനന്തപുരത്തെ പട്ടം ആസ്ഥാനമന്ദിരത്തിൽ ആരംഭിക്കുന്ന **കേരള സ്റ്റേറ്റ് ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്ററിന്റെ** ഉദ്ഘാടനം ഇന്ന് ഉച്ചയ്ക്ക് 2 മണിക്ക് പട്ടം ആസ്ഥാനമന്ദിരത്തിൽ കൂടുന്ന യോഗത്തിൽ ക്ഷീരവികസന മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും.

5. ഹോർട്ടി കോർപ്പിന്റെ വേങ്ങേരി, ചേവരമ്പലം, കക്കോടി, എലത്തൂർ എന്നീ സ്റ്റാളുകൾ വഴി പച്ചക്കറി കിറ്റ് വിലക്കുറവിൽ നൽകുന്നു. ഇളവൻ, മത്തൻ, പടവലം, ചുരയ്ക്ക, വെള്ളരി എന്നീ

പച്ചക്കറികൾ അടങ്ങിയ അഞ്ചു കിലോ ഗ്രാം തൂക്കമുള്ള കിറ്റിന് അറുപത് രൂപയാണ് വില. ഓഫർ സ്റ്റോക് തീരുന്നതുവരെ സ്റ്റാളുകൾ വഴി കിറ്റ് ലഭ്യമാണ് എന്ന് ഹോർട്ടി കോർപ്പ് കോഴിക്കോട് ജില്ലാ മാനേജർ അറിയിച്ചു.

6. പള്ളിക്കുന്ന് മൃഗാശുപത്രി മുഖേന കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് നിവാസികൾക്കായി നടപ്പിലാക്കുന്ന് ജൈവമാലിന്യം വളമാക്കുന്ന പദ്ധതിയിൽ യൂണിറ്റിനായി അപേക്ഷ ക്ഷണിച്ചു. ചുരുങ്ങിയത് പത്ത് ക്യൂബിക് മീറ്റർ വ്യാപ്തിയിൽ മേൽക്കൂരയോട് കൂടിയ ചാണക ശേഖരണ സംവിധാനമാണ് ഒരുക്കേണ്ടത്. ഇരുപത്തിഅയ്യായിരം രൂപ നിർമ്മാണച്ചിലവ് പ്രതീക്ഷിക്കുന്ന യൂണിറ്റിന് പന്ത്രണ്ടായിരത്തി അഞ്ഞൂറ് രൂപ ധനസഹായം ലഭിക്കും. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 13 (സെപ്റ്റംബർ 13). അപേക്ഷയുടെ മാതൃകയും കൂടുതൽ വിവരങ്ങളും പള്ളിക്കുന്ന് മൃഗാശുപത്രിയിൽ നിന്നും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 04936 284309 എന്ന നമ്പരിൽ ബന്ധപ്പെടുക.

7. റബ്ബറിന്റെ ശാസ്ത്രീയ വളപ്രയോഗശുപാർശകൾ, ഓൺലൈൻ വളപ്രയോഗശുപാർശ എന്നിവയെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ സീനിയർ സയന്റിസ്റ്റ് ഇന്ന് (സെപ്റ്റംബർ 08) രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ മറുപടി നൽകുന്നതാണ്. കോൾസെന്റർ നമ്പർ **04812576622.**

8. കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി കോക്കനട്ട് നഴ്സറിയിൽ അത്യുൽപാദന ശേഷിയും രോഗപ്രതിരോധ ശേഷിയുമുള്ള ഡബ്ല്യു സി റ്റി ഇൻ പോളിബാഗ് (WCT in Polybag), കുറ്റ്യാടി തെങ്ങിൻ തൈകൾ തൈ ഒന്നിന് 130 രൂപയ്ക്കും ഡബ്ല്യു സി റ്റി (WCT), ആദിനാട് തെക്ക് തൈ ഒന്നിന് 100 രൂപയക്കും വിൽപ്പനയ്ക്ക് ലഭ്യമാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail: piofibtvm@gmail.com
Telephone: 0471 – 2318186, 2317314

**പരിശീലന പരിപാടികൾ**

9. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രെയിനിംങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ (SAMETI) ആഭിമുഖ്യത്തിൽ ഇന്ന് (08/09/2021നു) രാവിലെ 11 മണിമുതൽ **വാനില – ശാസ്ത്രീയ പരിചരണ മുറകൾ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. https://www.facebook.com/SametiKeralaExtensionChannel/live/ എന്ന ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്.

10. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (സെപ്തംബർ 8-ന്) **കുറ്റിക്കുരുമുളക് ഉത്പാദനം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9447565549** എന്ന നമ്പരിൽ ബന്ധപ്പെടുക.

11. കോട്ടയം ജില്ലയിലെ കർഷക പരിശീലന കേന്ദ്രമായ കോഴ ആർ എ റ്റി റ്റി സിയുടെ ആഭിമുഖ്യത്തിൽ ഇന്ന് (08/09/2021ന്) ഉച്ചയ്ക്ക് 3 മണി മുതൽ **"കൃഷി ക്രിയേറ്റീവാകുമ്പോൾ" അതിജീവന പാഠങ്ങൾ** എന്ന വിഷയത്തിൽ ഫേസ്ബുക്ക് ലൈവിലൂടെ പരിശീലനം നൽകുന്നു. www.Facebook.com/rattckozhaofficial എന്ന ഫേസ്ബുക്ക് പേജിലൂടെ തത്സമയം പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്.

12. കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (8/9/21) രാവിലെ 10.30 മണിക്ക് **സെക്ഷൻ 80** (http://meet.google.com/iwpbjumjbdcq) എന്ന വിഷയത്തിലും ഉച്ചക്ക് 2 മണിക്ക് **ശീതീകരിച്ചുണ്ടാക്കുന്ന പാലുൽപ്പന്നങ്ങൾ** (http://meet.google.com/qnb-nejj-bte) എന്ന വിഷയത്തിലും ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു.

13. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഇന്ന് (സെപ്റ്റംബർ 8) രാവിലെ 11 മണി മുതൽ **കാലിത്തൊഴുത്ത് നിർമ്മാണം – ക്ഷീര കർഷകർ അറിയേണ്ടതെല്ലാം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. പങ്കെടുക്കാൻ

താത്പര്യമുള്ളവർ **9947775978** എന്ന വാട്സാപ്പ് നമ്പരിലേക്ക് പേരും മേൽവിലാസവും അയച്ചു നൽകിയോ **0476 2698550** എന്ന ഫോൺ നമ്പരിൽ വിളിച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

14. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്നും നാളെയുമായി (സെപ്തംബർ 8, 9) **പശു വളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471 – 2732918** എന്ന ഫോൺ നമ്പരിലോ **9188522701.** എന്ന വാട്ട്സാപ്പ് നമ്പരിലോ ബന്ധപ്പെടുക.

15. ആതവനാട് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് കർഷകർക്ക് വേണ്ടി ഇന്ന് (സെപ്റ്റംബർ 8-ന്) വൈകിട്ട് 7 മണി മുതൽ **ആട് വളർത്തലിന്റെ സമകാലിക പ്രാധാന്യം സാമ്പത്തിക വിശകലനം** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് വഴി ഓൺലൈൻ പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ **9446424556** എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യണമെന്ന് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

16. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മുഖേന ഇന്ന് (സെപ്തംബർ 8-ന്) **ആടുവളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. താല്പര്യമുള്ളവർ **04829–234323** എന്ന ഫോൺ നമ്പറിൽ വിളിച്ചോ **9188522706** എന്ന നമ്പരിൽ പേരും പരിശീലന വിഷയവും വാട്സ് ആപ് സന്ദേശമയച്ചോ രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

17. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഷീറ്റുറബ്ബർസംസ്കരണം, തരംതിരിക്കൽ എന്നിവയിൽ നാളെയും മറ്റെന്നാളുമായി (സെപ്റ്റംബർ 09, 10) തീയതികളിൽ രാവിലെ 10.00 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഓൺലൈൻ പരിശീലനം നടത്തുന്നു. റബ്ബർപാൽസംഭരണം, ഷീറ്റുറബ്ബർനിർമ്മാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച 'ഗ്രീൻബുക്ക്' നിബന്ധനകൾ എന്നിവയാണ് പരിശീലനവിഷയങ്ങൾ. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പറിലോ **0481 2353201** എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടുക.